I/557605/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവർ ക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തിക മാറ്റം മുഖേനെ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2016 ലെ TA No.4221/2012 നമ്പർ ഉത്തരവ്.
2. 08.06.2017 തീയതിയിലെ സ.ഉ(സാധാ) 739/2017/തൊഴിൽ .
3. 06.10.2017 തീയതിയിലെ A3/4373/2009 നമ്പർ ഉത്തരവ്.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.02.2023 ലെ OA-2135/2019 നമ്പർ ഉത്തരവ്.
5. സർക്കാർ കത്ത് നം .C1/8/2020-LBRD Dated 27.09.2023
6. 30.09.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7. 21.10.2023 തീയതിയിലെ DT/898/2023-A9 നമ്പർ ഉത്തരവ്.
8. 30.10.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
9. ആറ്റിങ്ങൽ ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 30.10.2023 തീയതിയിലെ ITI-ATL/750/2019-A1 നമ്പർ കത്ത്.
10. 05.12.2022 തീയതിയിലെ DT4036/2022-A9 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: DT/1727/2023-A9-Part(1) തീയതി: 15-11-2023**

ആറ്റിങ്ങൽ ഐ.ടി.ഐ യിൽ സ്വീപ്പർ തസ്തികയിൽ179 , ദിവസത്തേയ്ക്ക് താത്കാലിക നിയമനം നൽകിയിരുന്ന ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവരെ ബഹുകേരള. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം റെഗുലറൈസ് ചെയ്ത് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം(4) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം(5) സർക്കാർ നിർദേശത്തിനു വിധേയമായി, ടി ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 01.06.2009 മുതലുള്ള സീനിയോരിറ്റി , നോഷണൽ പ്രൊമോഷൻ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുമെന്നും, 01.06.2009 മുതലുള്ളതും, തടഞ്ഞുവച്ചിട്ടുള്ളതുമായ അർഹതപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും പ്രിൻസിപ്പാളിനു അനുമതി നൽകി പരാമർശം(6) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം(7) പ്രകാരം ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവർക്ക് ലാസ്റ്റ്

ഗ്രേഡ് തസ്തികയിലെ 01.06.2009 മുതലുള്ള സീനിയോരിറ്റി അനുവദിക്കുകയും, സീനിയോരിറ്റി നമ്പർ യഥാക്രമം 512, 513 ആയി പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി ജീവനക്കാരെ സ്റ്റോർ അറ്റൻഡർ തസ്തികയിൽ സ്ഥാനകയറ്റത്തിനു പരിഗണിക്കണം എന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം(9) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവരുടെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സീനിയോരിറ്റി 512, 513 ആയി ക്രമീകരിച്ചിട്ടുള്ളതിനാൽ, ടി ജീവനക്കാരുടെ ജൂനിയറും, ക്രമ നം.515 മായ ശ്രീ.ജഗദീഷ് ചന്ദ്രൻ.കെ യ്ക്ക് (സ്ഥാനകയറ്റം അനുവദിച്ച കാലയളവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സീനിയോരിറ്റി നമ്പർ.513) സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തിക മാറ്റം അനുവദിച്ച പരാമർശം(3) ഉത്തരവ് തീയതി പ്രാബല്യത്തിൽ, ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവർക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ നോഷണൽ പ്രൊമോഷന് അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവർക്ക് ടി ജീവനക്കാരുടെ ജൂനിയറും, ക്രമ നം.515 മായ ശ്രീ.ജഗദീഷ് ചന്ദ്രൻ.കെ യ്ക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തിക മാറ്റം അനുവദിച്ച 06.10.2017 തീയതി പ്രാബല്യത്തിൽ KS & SSR ലെ പൊതുചട്ടം 28(b)(ii) പ്രകാരം 23700-52600 രൂപ ശമ്പള നിരക്കിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ തസ്തികമാറ്റം മുഖേനെ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു. തസ്തികയുമായി ബന്ധപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾക്ക് തസ്തികയിൽ ചാർജ് എടുത്ത തീയതി മുതൽ മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | പേര്/തസ്തിക/സ്ഥാപനം | സ്ഥാനകയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | 512 | ശ്രീലേഖ.പി.കെ<br>ഫുൾ ടൈം സ്വീപ്പർ<br>ഐ.ടി.ഐ.ആറ്റിങ്ങൽ | ഐ.ടി.ഐ.ചാക്ക |
| 2. | 513 | ശ്രീമതി.ജാസ്മി ബീഗം<br>ഫുൾ ടൈം സ്വീപ്പർ<br>ഐ.ടി.ഐ.ആറ്റിങ്ങൽ | ഐ.ടി.ഐ.ചന്ദനത്തോപ്പ് |

അതോടൊപ്പം ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവരെ പരാമർശം(10) പ്രകാരമുള്ള സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.232 ശ്രീ.ജഗദീഷ് ചന്ദ്രൻ.കെ യ്ക്ക് മുകളിൽ യഥാക്രമം 231(A), 231(B) ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

മേൽ പ്രകാരം തസ്തികമാറ്റം അനുവദിച്ച ജീവനക്കാരെ സ്ഥാപനമേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്തതും, സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ജോയിനിംഗ് ടൈം/ടി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

I/557605/2023

<u>സ്വീകർത്താവ്:-</u>

ബന്ധപ്പെട്ട ജീവനക്കാർ

(സ്ഥാപനമേധാവി മുഖേനെ)

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്